DATE : 17/07/2020

# MERUVAMBAYI M U P SCHOOL

# WORKSHEET – 47

## മലയാളം

**CLASS :1**

ഇന്നലത്തെ ക്ലാസ് കാണുവാനായി താഴെ
കാണുന്ന ചിത്രത്തിൽ ഒന്ന് തൊട്ട് നോക്കൂ




എല്ലാവരും ക്ലാസ് കണ്ടതിന് ശേഷം താഴെ
കൊടുത്തിട്ടുള്ള പാഠഭാഗം ഉറക്കെ വായിച്ച്
ടീച്ചർക്ക് അയച്ചുതരണേ....

## വായിക്കാം





# അയ്യോ പരുന്ത്

പട പട പട പട

ചിറകടി കേട്ടു.

കുഞ്ഞിക്കോഴി പേടിച്ചു വിറച്ചു.

ഓടിക്കോ .... പരുന്ത്.

കാക്ക വിളിച്ചു പറഞ്ഞു.

തള്ളക്കോഴി പറന്നുവന്നു.

കുഞ്ഞിക്കോഴി അമ്മയുടെ

ചിറകിനടിയിൽ ഒളിച്ചു.

പേടിക്കേണ്ട പേടിക്കേണ്ട.

വരൂ, വീട്ടിൽ പോകാം.

തള്ളക്കോഴി പറഞ്ഞു.





## അമ്മക്കോഴിയുടെ പാട്ട്
## നമുക്കും പാടിയാലോ?

കൊക്കര കൊക്കര കൊക്കരക്കോ
കൊക്കരക്കൊക്കരക്കോ
കൊക്കര കൊക്കര കൊക്കരക്കോ
കൊക്കരക്കൊക്കരക്കോ
വീടുണ്ടായത് നന്നായി ,
വീടുണ്ടായത് നന്നായി
വെയിലേൽക്കാതെ, മഴയേൽക്കാതെ,
പേടിക്കാതെ കഴിഞ്ഞീടാം.

# വീട് കൊണ്ടുള്ള പ്രയോജനങ്ങൾ

ഒരുമിച്ച് താമസിക്കാം
വീട്ടിലിരുന്ന് പഠിക്കാം
സാധനങ്ങൾ സൂക്ഷിച്ച് വയ്ക്കാം
പേടി കൂടാതെ കിടന്നുറങ്ങാം
കള്ളന്മാരെ പേടിക്കാതെ താമസിക്കാം
മഴയും വെയിലും ഏൽക്കാതെ താമസിക്കാം





# എത്രയെത്ര മുറികൾ











അടുക്കള

ഊണുമുറി

ശുചിമുറി

കിടപ്പുമുറി

പഠനമുറി

# അടുക്കള ഉപകരണങ്ങൾ കണ്ടെത്തി എഴുതാം



കൂടുതൽ
അടുക്കള
ഉപകരണങ്ങൾ
കണ്ടുപിടിച്ച്
പേരെഴുതുക.
ചിത്രങ്ങൾ
ശേഖരിച്ച്
ഒട്ടിച്ച് വെക്കാം

# വീടുണ്ടാക്കാം

തീപ്പെട്ടിക്കൊള്ളികൾ ഉപയോഗിച്ചോ
കാർഡ്ബോർഡുകൾ ഉപയോഗിച്ചോ
രക്ഷിതാക്കളുടെ സഹായത്തോടെ
മനോഹരമായ വീടുകൾ നിർമ്മിക്കാം.





ChristianImages.net